## മേശപ്പുറത്തുവയ്ക്കുന്ന കടലാസ്സുകൾ

(ചട്ടം 47(2) അനുസരിച്ചുള്ള പ്രത്യേക ലിസ്റ്റ് പ്രകാരം)

(1) ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 6828, 8240, 8256 ഏഴാം സമ്മേളനത്തിലെ 2591, 2632 എട്ടാം സമ്മേളനത്തിലെ 2290 ഒമ്പതാം സമ്മേളനത്തിലെ 682, 2354, 3982, 5356, 5371, 5391, 5447, 5449 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും യഥാക്രമം മറുപടി നൽകുവാൻ സാധിക്കാതിരിക്കുന്നതിനുള്ള കാരണം കാണിക്കുന്നതിനുള്ള ചട്ടം 47(2) പ്രകാരമുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(2) പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗ ശാലകളും വകുപ്പുമന്ത്രി(കുമാരി പി. കെ. ജയലക്ഷ്മി) : പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 2339, 6903 എട്ടാം സമ്മേളനത്തിലെ 2443, 2500 ഒമ്പതാം സമ്മേളനത്തിലെ 4057, 4103 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടത്ത ചോദ്യങ്ങളുടെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരിക്കുന്നതിനുള്ള കാരണം കാണിക്കുന്നതിനുള്ള ചട്ടം 47(2) പ്രകാരമുള്ള സ്റ്റേറ്റുമെന്റും ജലവിഭവ വകുപ്പുമന്ത്രിക്കു വേണ്ടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(3) നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 8405 എട്ടാം സമ്മേളനത്തിലെ 2596 ഒമ്പതാം സമ്മേളനത്തിലെ 5578 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും യതാസമയം മറുപടി നൽകുവാൻ സാധിക്കാത്തതിരുന്നതിനുള്ള കാരണം കാണിക്കുന്നതിനുള്ള ചട്ടം 47(2) പ്രകാരമുള്ള സ്റ്റേറ്റുമെന്റും പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കു വേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## റിപ്പോർട്ട് സമർപ്പണം

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കു വേണ്ടി മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, സംസ്ഥാനത്ത് സ്വർണ്ണ വ്യാപാര മേഖലയിൽ പുതിയ നികുതി ഘടന ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കു വേണ്ടി ഞാൻ സമർപ്പിക്കുന്നു.

(ക്രമപ്രശ്നം)